കേരളസർക്കാർ

# മഴുവന്നൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website: www.lfa.kerala.gov.in
e-mail: doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.1)1665/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 21.10.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴവന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:മഴവന്നൂർ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18, 1994 ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഴവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയും 3-ലേയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേകയോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷന് 15 (1) ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3.ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.1)1665/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം

സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 21.10.2017

## എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 23.12.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അന്വേഷണക്കുറിപ്പുകൾ 21 നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ചെയ്തു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

.

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 26.7.2017 മുതൽ 2.8.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ |
| | ജലജ എം. കെ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ബബിത ബി കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോഷി തോമസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.കെ.അമ്മുക്കുട്ടിയമ്മ | 1.4.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.എം.എൻ..മോഹനൻ | 1.4.2016മുതൽ 31.03.2017വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ യു.കെ.സുരേന്ദ്രൻ | 1.4.2016 മുതൽ 26.12.2016 വരെ |
| | ശ്രീ ആർ.സോമശേഖര വാര്യർ | 27.12.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി പാർവതിദാസ് | 1.4.2016 മുതൽ 31.03.2017വരെ |
| കൃഷിഓഫീസർ | ശ്രീമതി ഉഷാമേരി ഡാനിയേൽ | 1.4.2016 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ലീനപോൾ | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മഞ്ജു ടി.വി. | 1.4.2016 മുതൽ 11.8.2016 വരെ |
| | ഡോ.വന്ദന ഗോപാലകൃഷ്ണൻ | 12.8.2016 മുതൽ 20.11.2016 വരെ |
| | ഡോ.അഞ്ചന എസ്.ആർ | 21.11.2016 മുതൽ 10.3.2017 വരെ |
| | ഡോ.ജോബി വർഗീസ് | 11.3.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മഞ്ജുള.കെ.എൻ | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷീനമോൾ.ടി.കെ | 1.4.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ.,നെല്ലാട് | ശ്രീമതി റഷീദ.ടി.ഐ. | 1.4.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ.,മഴവന്നൂർ | ശ്രീ അനൂപ് പോൾ | 1.4.2016 മുതൽ 31.3.2017വരെ |
| ഡയറിഫാം ഇൻസ്പെക്ടർ | ശ്രീമതി റഫീന.ബീവി. | 1.4.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീജ ഗോപിനാഥ് | 1.4.2016 മുതൽ 31.3.2017വരെ |
| ഹെഡ് മാസ്റ്റർ ഗവ.എൽ പി.എസ്. ഐരാപുരം | ശ്രീമതി മിനിപോൾ | 1.4.2016 മുതൽ 29.11.2016വരെ |
| | ശ്രീ ശിവദാസൻ എം.കെ | 30.11.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

| ക്രമനം. | ഭാഗം1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതിഅവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം2 | |
| 12 | വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ | 2-1 |
| 13 | എല്ലാ വ്യവസായസ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി, കെട്ടിടനികുതി എന്നിവ ഈടാക്കുന്നില്ല | 2-2 |
| 14 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 15 | വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 2-5 |
| | ഭാഗം-3 | |
| 17 | തെരുവുവിളക്കുകൾക്ക് പരിപാലനം | 3-1 |
| 18 | അങ്കണവാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങൽ ടെണ്ടർ അപാകത | 3-2 |
| 19 | ബയോഗ്യാസ്പ്ലാന്റ് വാങ്ങിനല്കൽ പദ്ധതി- സമയബന്ധിതമായി പൂർത്തിയാക്കിയില്ല. | 3-3 |
| 20 | കുടിവെള്ള പദ്ധതികൾ- ഗുണഭോക്തൃസമിതികളെ ഏല്പ്പിച്ചിട്ടില്ല. | 3-4 |
| 21 | വിവാഹധനസഹായം നല്കിയതിൽ അപാകത | 3-5 |
| 22 | സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി അപാകതകൾ | 3-6 |
| 23 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായില്ല. | 3-7 |
| 24 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണമായും ലഭ്യമായില്ല. | 3-8 |
| 25 | വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. 17,92,040-രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 26 | പൊതുമരാമത്തു പ്രവൃത്തികളുടെ ഇ-ടെണ്ടർ- ടെണ്ടർ ഫീസ് പഞ്ചായത്തിലേക്ക് അടവാക്കിയില്ല | 3-10 |
| 27 | ആദായനികുതി ഈടാക്കിയില്ല | 3-11 |
| | ഭാഗം4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 31 | വായ്പ/വായ്പതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം1 |
| 38 | ബാലൻസ്ഷീറ്റ് 2016-17 | അനുബന്ധം2 |
| 39 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം3 |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 25.02.2016ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | 2016-17 | |
|---|---|---|
| | വരവ് (₹) | ചെലവ് (₹) |
| ബജറ്റ് പ്രകാരം | 129048592 | 133732541 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 6,7924894 | 65401656 |
| വ്യത്യാസം | 611236989 | 68330885 |

EFMS മുഖേന MNREGS, B Fund എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 2,37,52,551/-, 4,44,88,160/- രൂപയുടെ വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ അന്തരമില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2017 | 03.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചു. അപാകതകളൊന്നും ശ്രദ്ധയിൽ പെട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5013240 |
| വരവ് | 67924894 |

| | |
|---|---|
| ആകെ | 72938134 |
| ചെലവ് | 65401656 |
| നീക്കിയിരിപ്പ് | 7536478 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 14578112 | 0 | 13508896 | 92.66 | 1069216 |
| വികസനഫണ്ട് (എസ്.സി.പി) | 7434609 | 0 | 6280719 | 84.47 | 1153890 |
| വികസനഫണ്ട് (ടി.എസ്.പി) | 239799 | 0 | 239799 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16768875 | 0 | 2397421 | 14.29 | 14371454 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 4520373 | 0 | 2599974 | 57.51 | 1920399 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 8175574 | 0 | 7178807 | 87.80 | 996767 |
| ലോക ബാങ്ക് സഹായം | 4353749 | 0 | 4241807 | 97.42 | 111942 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 191 | 80652319 | 121 | 50477778 | 64 | 6 | 63.35 |

നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവഹണ അവലോകനം താഴെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| സെക്രട്ടറി | 25 | 6685783 | 18 | 5895390 | 7 | 72 |
| അസി. സെക്രട്ടറി | 13 | 10567300 | 13 | 10322980 | 0 | 100 |
| അസി. എഞ്ചിനീയർ | 121 | 38662389 | 58 | 12514838 | 63 | 47.93 |
| കൃഷി ഓഫീസർ | 3 | 3036000 | 3 | 2829402 | 0 | 100 |
| വെറ്റിനറി സർജൻ | 6 | 3642860 | 6 | 3630139 | 0 | 100 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | 1 | 500000 | 1 | 500000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 250000 | 1 | 250000 | 0 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 1375000 | 3 | 1375000 | 0 | 100 |
| വി.ഇ.ഒ | 8 | 7842500 | 8 | 5604000 | 0 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1299000 | 1 | 1299000 | 0 | 100 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5642800 | 6 | 5123342 | 0 | 100 |
| ഹെഡ് മാസ്റ്റർ | 3 | 1148687 | 3 | 1133687 | 0 | 100 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.11% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6212513 | 8872978 | 2660465 | +42.82 |
| നികുതിയേതര വരവുകൾ | 1630957 | 1962004 | 331047 | +20.30 |
| മറ്റുവരവുകൾ | 47927 | 64159 | 16232 | +33.87 |
| ആകെ | 7891397 | 10899141 | 3007744 | +38.11 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 243120 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 8594470 | 991 |
| വിധവാപെൻഷൻ | 13016540 | 1191 |
| വാർദ്ധക്യകാല പെൻഷൻ | 18392515 | 2219 |
| ശാരീരികവും മാന സികവുമായി വെല്ലുവിളി നേരിടു ന്നവർക്കുള്ള പെൻഷൻ | 3566575 | 395 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾ ക്കുള്ള ധനസഹായം | 558060 | 58 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.7.2017 തീയതിയിൽ 4 പി. എം. ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27843/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും ഡ്യൂട്ടി രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. രസീതുകൾ കാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ പൂർണ്ണമായി നടത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/7/2017 | 05/2017 | 03/7/2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/4/2014 | 2009-10 മുതൽ 2013-14 വരെ | 8/7/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ

പഞ്ചായത്തിൽ 2010 – 11 മുതൽ തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള നികുതിയാണ് ഈടാക്കി വരുന്നത് . സഞ്ചയയിൽ 2013 – 14 ന് മുമ്പുള്ള കുടിശിക മാന്വലായി ജനറേറ്റ് ചെയ്തു നല്കിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ളതും മാറ്റം വരുത്തിയിട്ടുള്ളതും ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തി സഞ്ചയയിൽ അപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളും സഞ്ചയയിൽ അപ്രൂവ് ചെയ്ത് ഫോറം 6 എൻടി നടത്തിയിട്ടുണ്ട് . വിമുക്തഭടൻമാർ എല്ലാവർഷവും ഒരു നിശ്ചിത തീയതിയിൽ അപേക്ഷ സമർപ്പിച്ച് സ്വന്തമായുള്ള 2000ചതുരശ്ര അടി വിസ്തീർണ്ണം വരെയുള്ള കെട്ടിടങ്ങളിൽ നിന്നും കെട്ടിടനികുതി ഈടാക്കുന്നതിൽ ഒഴിവ് നേടുന്നുണ്ട് . ലോഡ്ജ് പോലെയുള്ള കെട്ടിടങ്ങളിൽ നിന്ന് കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം കെട്ടിടനികുതി നിർണ്ണയിച്ച് ഓരോ വർഷവും നികുതി ഈടാക്കുന്നുണ്ട് .

സഞ്ചയ പ്രകാരമുള്ള കെട്ടിടനികുതി നീക്കിയിരിപ്പും സാംഖ്യ പ്രകാരമുള്ള കെട്ടിടനികുതി നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | സഞ്ചയ പ്രകാരം ബാലൻസ് | സാംഖ്യ പ്രകാരം ബാലൻസ് (AFS) |
|---|---|---|
| താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി (തൻവർഷം) | 182862 | 1057631 |
| താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി (കുടിശിക) | 1290949 | 1431271 |
| താമസേതരാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി (തൻവർഷം) | 3426055 | 1936166 |
| താമസേതരാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി (കുടിശിക) | 3778614 | 3799659 |

ഇതിനു പുറമേ കെട്ടിടങ്ങൾക്ക് പുതിയ നമ്പർ നല്കിയപ്പോഴുണ്ടായ മാറ്റങ്ങൾ കാരണം സഞ്ചയയിൽ അപാകതകളുണ്ട് .ആയതും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

സാംഖ്യ പ്രകാരമുള്ള ഡി സി ബി സ്റ്റേറ്റ്മെന്റിലെ വ്യത്യാസം

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസുതുകയല്ല 2016-17 വർഷം പിരിച്ചെടുക്കാൻ ബാക്കിയുണ്ടായിരുന്ന വസ്തുനികുതിയായി ചേർത്തിട്ടുള്ളത്.

## 2-2 എല്ലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ

## നികുതി, കെട്ടിട നികുതി എന്നിവ ഈടാക്കുന്നില്ല

2016 – '17 സാമ്പത്തിക വർഷത്തിൽ ഐരാപുരം റബർ പാർക്കിലെയും നെല്ലാട് കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്കിലെയും സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി, കെട്ടിടനികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13; 01.08.'17 ) ഹാജരാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളുമായി കേസ് നിലനിൽക്കുന്നുണ്ടെന്നും നികുതികൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള നികുതികൾ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2016 – 17 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് , മണ്ണൂർ | I & II | 2500 |
| 2 | മണപ്പുറം ഫൈനാൻസ് , മണ്ണൂർ | II | 1250 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , നെല്ലാട് | II | 1250 |
| 4 | കെ എസ് ഇ ബി , വളയൻചിറങ്ങര | I & II | 2500 |
| 5 | ബ്രാമിൺസ് ഫുഡ് ഇന്ത്യ പ്രൈ . ലി | II | 1250 |
| | | ആകെ | 8750 |

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ് .

## 2-4 വാടകയ്ക്ക് നല്കിയ കെട്ടിടത്തിന്റെ വാടക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കുടുംബശ്രീ കെട്ടിടത്തിലെ IX / 372 E , IX / 372 F എന്നീ നമ്പറുകളിലുള്ള മുറികൾ 19 . 03 .'16 ൽ പഞ്ചായത്ത് ഓഫീസിൽ നടന്ന ലേലത്തിൽ യഥാക്രമം ശ്രീമതി ഷെമീന യൂസഫ് , ശ്രീമതി ഡെയ്സി എൽദോ എന്നിവർ ലേലം കൊണ്ടിട്ടുള്ളതായി ഹാജരാക്കിയ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേലനോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരം 3 മാസത്തെ വാടക മുൻകൂറായി 2 പേരും ഒടുക്കിയിട്ടുണ്ട് . എന്നാൽ ഇവരിൽ നിന്നും പ്രതിമാസവാടക ഈടാക്കിയതിന്റെ രേഖപ്പെടുത്തലുകളില്ല . ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം .14 ; 01 .08 . 17) ഹാജരാക്കിയ മറുപടിയിൽ ഡെപ്പോസിറ്റ് അടച്ചിട്ടുള്ളതായും പ്രതിമാസ വാടക ഈടാക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട് .മേൽ പറഞ്ഞവരിൽ നിന്നും വാടക പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ് .

.

## 2-5 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2016 – 17 സാമ്പത്തികവർഷത്തിൽ ഈടാക്കിയിട്ടില്ല .വിശദ വിവരങ്ങൾ താഴെ പറയുന്നു .

| ക്രമ നം | കമ്പനിയുടെ പേര് | കെട്ടിട നം . | നികുതി തുക (രൂപ) (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|
| 1 | ഐഡിയ സെല്ലുലാർ ലി | 5 /765 | 10064 |
| 2 | ഐഡിയ സെല്ലുലാർ ലി | 5 /765 A | 3642 |
| 3 | ഇൻഡസ് ടവേർസ് ലി | 19 /384 B | 2457 |
| 4 | ഇൻഡസ് ടവേർസ് ലി | 19 /384 A | 4347 |
| 5 | ഭാരതി എയർടെൽ ലി | 10 /597 A | 4583 |
| 6 | ഭാരതി ഇൻഫ്രാടെൽ ലി | 1 / 728 B | 4343 |

| | | | |
|---|---|---|---|
| 7 | ബി എസ് എൻ എൽ മൊബൈൽ സർവീസ് | 18 /367 B | 5600 |
| 8 | വോഡഫോൺ ലീഗൽ മാനേജർ | 16 /446 | 5544 |
| 9 | ഇൻഡസ് ടവേർസ് ലീഗൽ മാനേജർ | 18 / 289 B | 5688 |
| 10 | ബി എസ് എൻ എൽ ടവർ | 16 / 689 A | 3696 |
| 11 | ഐഡിയ സെല്ലുലാർ ലി | 1 /25 A | 6048 |
| 12 | എസ്സാർ ടെലികമ്മ്യൂണിക്കേഷൻ | 13 / 190 A | 2268 |
| 13 | റിലയൻസ് ഇൻഫ്രാസ്ട്രക്ചർ | 5 / 763 | 3190 |
| 14 | റിലയൻസ് ടെലികോം | 12 / 644 | 4940 |
| 15 | ഐഡിയ സെല്ലുലാർ ലി | 12 / 642 A | 5368 |
| 16 | ഐഡിയ സെല്ലുലാർ ലി | 4 / 373 A | 3827 |
| 17 | ഭാരതി ഇൻഫ്രാടെൽ ലി | 9 / 799 | 10784 |
| | | ആകെ | 86389 |

ടി തുക അതാത് മൊബൈൽ കമ്പനികളിൽ നിന്ന് പിഴപലിശ സഹിതം ഈടാക്കേണ്ടതും 86389 /-രൂപയുടെ 5 % തുകയായ 4319 /- ലൈബ്രറി സെസ്സിനത്തിൽ ഈടാക്കേണ്ടതുമാണ് .

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകൾക്ക് പരിപാലനം

1) തെരുവു വിളക്കുകൾക്കുവേണ്ടിയുള്ള ഭീമമായ ചെലവ്

പഞ്ചായത്തിൽ തൻവർഷം തെരുവു വിളക്കുകളുടെ പരിപാലനത്തിനായി 5 പ്രോജക്റ്റ് നടപ്പാക്കിയതായിട്ടുണ്ട് വിശദാംശം താഴെ ചേർക്കുന്നു

എ) തെരുവുവിളക്ക് പുതിയത് വാങ്ങി സ്ഥാപിക്കൽ

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | S0017/17 | തെരുവുവിളക്ക് പുതിയത് വാങ്ങി സ്ഥാപിക്കൽ | 4,00,000/- | 3,96,000/- |
| 2 | S0199/17 | പുതിയ LED തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കൽ | 3,82,893/- | 3,81,600/- |
| 3 | S0099/17 | തെരുവുവിളക്ക് പുതിയത് വാങ്ങി സ്ഥാപിക്കുന്നതിന് അനുബന്ധസാമഗ്രികൾ വാങ്ങൽ | 3,00,000/- | 2,99,887/- |
| 4 | S0016/17 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് തൊഴിലാളികളുടെ കൂലിചെലവിനും ഇൻഷ്വറൻസിനും വേണ്ടിയുള്ള പദ്ധതി | 3,00,000/- | 3,00,000/- |
| | | ആകെ | 13,82,893/- | 13,77,487/- |

പ്രൊജക്റ്റ് നം.S0017/17 പ്രകാരം 300 ട്യൂബ് സെറ്റ് വാങ്ങിയിട്ടുണ്ട്.

പ്രൊജക്റ്റ് നം.S0199/17 പ്രകാരം 160 LED വിളക്കുകൾ വാങ്ങിയിട്ടുണ്ട്.

(ബി) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി

പ്രൊജക്റ്റ് നം. S0073/17 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി സ്പിൽ ഓവറായി നടത്തുകയും 5,00,000/- രൂപ ചെക് നം.1392504/21.02.17 പ്രകാരം ചെലവുചെയ്യുകയും ചെയ്തിട്ടുണ്ട്. വിവിധയിനങ്ങളിലായി ആകെ 1302 വിളക്കുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തിയത്. ഇത്രയധികം പ്രൊജക്റ്റ് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്

i) പഞ്ചായത്തിൽ ആകെയുള്ള 1343 തെരുവുവിളക്കുകൾക്ക് ഇത്രയധികം പ്രൊജക്റ്റ് തയ്യാറാക്കിയതിന്റെ ആവശ്യകത വ്യക്തമാകുന്നില്ല. (10,77,487/- രൂപ സാധനങ്ങൾ വാങ്ങലിനും, 8,00,000/- രൂപ അറ്റകുറ്റപ്പണികളുടെ കൂലിച്ചെലവിനും മറ്റും.)

ii) പ്രൊജക്റ്റ് നം. S0099/17, S0016/17 എന്നിവ പരസ്പരം ബന്ധമുള്ളതാകയാൽ ഇങ്ങനെ രണ്ടു പ്രൊജക്റ്റിന്റെ ആവശ്യം ഇല്ല. പുതിയ തെരുവുവിളക്കുകൾ വാങ്ങുമ്പോൾ അനുബന്ധ സാമഗ്രികൾ ലഭ്യമാകുന്നതിനാൽ ഇവിടെ പ്രത്യേകം വാങ്ങിയതിന്റെകാരണം വ്യക്തമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മെയിന്റനൻസിനാവശ്യമായ അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രൊജക്റ്റിന്റെ പേര് ഡേറ്റാ എൻട്രി ചെയ്തപ്പോൾ തെറ്റായി തെരുവുവിളക്ക് പുതിയത് വാങ്ങി സ്ഥാപിക്കുന്നതിന് അനുബന്ധസാമഗ്രികൾ വാങ്ങൽ എന്നായതാണ് എന്ന വിശദീകരണമാണ് നൽകിയത്.

(iii) പഞ്ചായത്തും KSEB യുമായി Joint inspection നടത്തി കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല.

iv) തെരുവുവിളക്കുകളുടെ ആകെയുള്ള ആവശ്യകത മനസ്സിലാക്കി ഒരു പ്രോജക്റ്റായി നടപ്പാക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

മേൽപ്പറഞ്ഞ അപാകത പരിഹരിക്കുന്നതിനായി കൂടുതൽ അന്വേഷണം നടത്തി അധികം ചെലവഴിച്ചതുക തിരികെ ഈടാക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2)തെരുവുവിളക്ക് പുതിയത് വാങ്ങി സ്ഥാപിക്കൽ-ടെണ്ടർ നടപടികളിൽ സുതാര്യതയില്ല.

| | |
|---|---|
| പ്രൊജക്റ്റ് | തെരുവുവിളക്ക് പുതിയത് വാങ്ങി സ്ഥാപിക്കൽ |
| പ്രൊജക്റ്റ് നം | S0017/17 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 4,00,000/- (തനതു ഫണ്ട്) |
| ചെലവ് | 3,96,000/-,ബിൽ നം. 21/16-17 തീ. 17.3.2017 |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ടെണ്ടർ ക്ഷണിച്ച് തെരുവുവിളക്കുകൾ വാങ്ങിയിട്ടുണ്ട്. മൂന്നു ടെണ്ടറുകളാണ് ലഭിച്ചത്. അവയുടെ വിശദാംശം താഴെ ചേർക്കുന്നു-

| ക്രമ നം | ടെണ്ടർ സ്ഥാപനം | ഇനം | വില |
|---|---|---|---|
| 1 | ഉഷ ഇലക്ട്രോണിക്സ്,പാലക്കാട് | സിംഗിൾ ട്യൂബ് സെറ്റ്-40 W | 1080+100 |
| 2 | എഡിസൺ ഇലക്ട്രോണിക്സ്, തിരുവാങ്കുളം | ,, | 1110+100(ഹാവെൽസ്)<br>1170+100(എഡിസൺ) |
| 3 | നാഷണൽ മാനുഫാക്ചറിംഗ് ആൻഡ് എഞ്ചിനീയറിംഗ് കമ്പനി, പെരുമ്പാവൂർ | ,, | 1450 |

കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ ഉഷ ഇലക്ട്രോണിക്സ്, പാലക്കാട് എന്ന സ്ഥാപനം ആണെങ്കിലും ടെണ്ടർ ഫോറവില നൽകിയില്ല എന്ന കാരണത്താൽ അവരെ ഒഴിവാക്കുകയും എഡിസൺ ഇലക്ട്രോണിക്സ്, തിരുവാങ്കുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിച്ചിരിക്കുകയും ചെയ്തതായാണ് 28.12.16 ലെ 1-ാം നം പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിൽ പറയുന്നത്. പഞ്ചായത്തുകമ്മിറ്റി ഗുണനിലവാരം കണക്കിലെടുത്ത് ക്രോംപ്ടൺ കമ്പനിയുടെ ഇനം (ടെൻഡറിൽ ചേർക്കാത്തത്) ചെയ്യുന്നതിനുള്ള ചെലവിന്റെ വിശദാംശം ആവശ്യപ്പെടുകയും അവർ അറിയിച്ചതിൻ പ്രകാരം ട്യൂബ് സെറ്റ് ഒരെണ്ണത്തിന് 1320/- രൂപ എന്ന നിരക്കിൽ വാങ്ങുകയുമാണ് ചെയ്തത്. താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ചൂണ്ടിക്കാട്ടുന്നു.

1. ടെണ്ടർ ഫോറത്തിന്റെ വിലയീടാക്കാതെ ടെണ്ടർ ഫോം നൽകിയതിന്റെ കാരണം വിശദമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിന്നും വാങ്ങിയ ടെണ്ടർ ഫോറത്തിന് വില നൽകാത്തതിനാൽ, ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കിയെന്നത് അംഗീകരിക്കാനാകില്ല.

2. ഗുണനിലവാരം കണക്കിലെടുത്ത് ക്രോംപ്റ്റൺ കമ്പനിയുടെ ട്യൂബ് ലൈറ്റ് നെഗോസിയേഷൻ നടത്തിയപ്പോൾ കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കമ്പനിയെ ഒഴിവാക്കിയ നടപടി ശരിയല്ല.

3.ടെൻഡറിൽ ചേർക്കാത്ത ഇനം വാങ്ങിയ നടപടി ശരിയല്ല.

കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിനു വന്നിട്ടുള്ള ചെലവുനഷ്ടത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വിലവിവരം (300 ട്യൂബ് ലൈറ്റിന്) | തുക |
|---|---|---|---|
| 1 | ഉഷ ഇലക്ട്രോണിക്സ്,പാലക്കാട് | 300*1180 | 3,54,000/- |
| 2 | എഡിസൺ ഇലക്ട്രോണിക്സ്, തിരുവാങ്കുളം | 300*1320 | 3,96,000/- |
| | വ്യത്യാസം | | 42,000/- |

ടെണ്ടർ നടപടികൾ സുതാര്യമായി നടപ്പാക്കുന്നതിനു വേണ്ട നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

3) തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്

പഞ്ചായത്തിന്റെ കണക്കിൽ താഴെപ്പറയും പ്രകാരം 1343 തെരുവു വിളക്കുകളാണുള്ളത്

1 ഓർഡിനറി ലാംപ്- 40 W 685

2 ഡബിൾ ട്യൂബ് സെറ്റ്- 80 W 216

3 സോഡിയം വേപ്പർ ലാംപ്- 150 W 113

4 സോഡിയം വേപ്പർ ലാംപ്- 250 W 21

5 സി എഫ് എൽസിംഗിൾ ലാംപ്- 22 W 125

6 സിംഗിൾ ഫ്ളൂറസെന്റ് ട്യൂബ്- 40 W 183

1343 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 1,18,087/-രൂപയാണ് പഞ്ചായത്ത് അടച്ചുവരുന്നത്.എന്നാൽ മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ താരതമ്യേന ചാർജ്ജ് കുറഞ്ഞ ഇനങ്ങൾ കൂടുതൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആകെയുള്ള 1343 വിളക്കുകളിൽ 685 എണ്ണവും സാധാരണ ഇൻകാൻഡസെന്റ് ബൾബുകളാണ് എന്നാണ് കാണിക്കുന്നത്. എന്നാൽ ഇപ്രകാരമുള്ള ബൾബുകൾ സമീപകാലങ്ങളിൽ തെരുവുവിളക്കുകളിൽ ഉപയോഗിക്കാറില്ല. ഉയർന്ന വൈദ്യുതി നിരക്കുള്ള ഇവയുടെ സ്ഥാനത്ത് മിക്കയിടങ്ങളിലും CFL/LED വിളക്കുകളാണ് ഉപയോഗിക്കുക. ഗ്രാമപഞ്ചായത്ത് സമീപകാലങ്ങളിൽ ഇത്തരം ബൾബുകൾ വാങ്ങിയിട്ടുമില്ല. പഞ്ചായത്തും KSEB യുമായി Joint inspection നടത്തി കൃത്യമായ വിവരം സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ കണക്കുകൾ ശരിയാണോ എന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അടിയന്തിര പരിശോധന നടത്തി വൈദ്യുത ചാർജ് കുറയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 അങ്കണവാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങൽ- ടെണ്ടർ അപാകത

ഐസിഡിഎസ് സൂപ്പർ വൈസർ നിർവഹണ ഉദ്യോഗസ്ഥയായ അങ്കണവാടികൾക്ക് കളിപ്പാട്ടം വാങ്ങൽ എന്ന പദ്ധതിയുടെ ടെണ്ടർ നടപടികളിലെ അപാകത മൂലം പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായി. പ്രൊജക്റ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S0065/17 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടികൾക്ക് കളിപ്പാട്ടം |
| അടങ്കൽ തുക | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം – 150000/- |
| ചെലവ് | 150000/- രൂപ, ബിൽ നം. 10/2016-17 തീ. 27.3.2017 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

31 അങ്കണവാടികളിലേക്കായി 31 ഫൈബർ സീസോ, 31 ക്രാഫ്റ്റ് കിറ്റ്, 31 റീചാർജബിൾ പിയാനോ എന്നിവ വാങ്ങുന്നതിനായിരുന്നു പ്രോജക്ട് തയ്യാറാക്കിയത്. ലഭിച്ച ടെണ്ടറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ഇനം (സീസോ) | ഇനം (റീചാർജബിൾ പിയാനോ) | ഇനം (ക്രാഫ്റ്റ് കിറ്റ്) |
|---|---|---|---|---|
| 1 | പ്രിൻസ് ചിൽഡ്രൻസ് പാർക് എക്വിപ്മെന്റ്സ്, വൈറ്റില | 2200 | സമർപ്പിച്ചില്ല | സമർപ്പിച്ചില്ല |
| 2 | മോഡേൺ ഇൻഡസ്ട്രീസ് കുന്നുകര, നോർത്ത് പറവൂർ | 1980 | 1780 | 480 |
| 3 | വീകോ ട്രേഡിംഗ് അരിമ്പൂർ, തൃശ്ശൂർ | 3599 | 1299 | 299 |

ലഭിച്ച ടെണ്ടറുകളിൽ പിയാനോയ്ക്കും ക്രാഫ്റ്റ് കിറ്റിനും കുറവ് തുക രേഖപ്പെടുത്തിയത് വീകോ ട്രേഡിംഗ് എന്ന കമ്പനിയാണ്. എന്നാൽ സീസോ കുറവു തുക രേഖപ്പെടുത്തിയ മോഡേൺ ഇൻഡസ്ട്രീസ് കുന്നുകര എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് 28.12.2016 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചത്. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയതിനു ശേഷം അടങ്കൽ തുകയ്ക്ക് കൂടുതൽ കളിപ്പാട്ടങ്ങൾ വാങ്ങാൻ സാധിക്കുമെന്നതിനാൽ അധികമായി ഒരു ഫൈബർ സീസോയും ഒരു പിയാനോയും 31 ക്രാഫ്റ്റ് കിറ്റും വാങ്ങുന്നതിനായി 18.1.2017ലെ 30-ാം നമ്പർ കമ്മിറ്റി നിർവഹണ ഉദ്യോഗസ്ഥന് അനുമതി നൽകി. ഒരേ സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങളാണ് രണ്ടും കമ്പനികളും ടെണ്ടറിൽ സമർപ്പിച്ചത്. ഗുണനിലവാരം സംബന്ധിച്ച അപാകതകളൊന്നും ഫയലിലോ കമ്മിറ്റി തീരുമാനത്തിലോ രേഖപ്പെടുത്തിയില്ല. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കമ്പനിയിൽ നിന്നും വാങ്ങൽ നടത്താതിരുന്നതിനാൽ താഴെ കൊടുത്തിരിക്കുന്ന നഷ്ടം പഞ്ചായത്തിന് സംഭവിച്ചു.

| ക്രമ നം. | കളിപ്പാട്ടം | മോഡേൺ ഇൻഡട്രീസിന് നൽകിയ തുക | വികോ ട്രേഡിംഗ് എന്ന കമ്പനിക്ക് നൽകിയിരുന്നെങ്കിൽ നൽകേണ്ട തുക | കൂടുതൽ ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | പിയാനോ | 32X1780 = 56960 | 32X1299 = 41568 | 15392 |
| 2 | ക്രാഫ്റ്റ് കിറ്റ് | 62X480= 29760 | 62X299 = 18538 | 11222 |
| | | | ആകെ | 26614 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടയായി എല്ലാ കളിപാട്ടങ്ങളുടെയും ആകെ വില കണക്കിലെടുത്താണ് ടെണ്ടർ അംഗീകരിച്ച് തീരുമാനമെടുത്തതെന്ന് വിശദീകരണം നൽകി. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കമ്പനിയിൽ നിന്നും കളിപ്പാട്ടങ്ങൾ വാങ്ങാതിരുന്നതിനാൽ പഞ്ചായത്തിന് അധികച്ചെലവുണ്ടായി. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ബയോ ഗ്യാസ് പ്ളാന്റ് വാങ്ങി നൽകൽ പദ്ധതി-സമയബന്ധിതമായി പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | ബയോ ഗ്യാസ് പ്ളാന്റ് വാങ്ങി നല്കൽ |
| പ്രൊജക്ട് നം. | S0227/17 |
| നിർവ്വഹണം | വി.ഇ.ഒ |
| അടങ്കൽ | 1660500/- |
| ചെലവ് | 140400/-, ബിൽ നം. 16/16-17 തീ. 25.2.2017 |

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥയായി ബയോഗ്യാസ് പ്ലാന്റ് വാങ്ങി നൽകൽ (7-7.5 kg/day ശേഷിയുള്ള(1m^3) FRP യിൽ നിർമിച്ച വാട്ടർജാക്കറ്റ് ഉള്ളത്) എന്ന പദ്ധതി രൂപീകരിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കോണമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലുവ എന്ന സ്ഥാപനത്തിനാണ് വർക്ക് നൽകിയത്. 52 ഗുണഭോക്താക്കൾക്കളിൽ നിന്നായി ഗുണഭോക്തൃ വിഹിതമായി 6000 രൂപ വീതം ഈടാക്കിയിട്ടുണ്ട്. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 13500 നിരക്കിലാണ് ഏജൻസി കരാറിൽ സമ്മതിച്ചിട്ടുള്ളത്.

14.3.17 ൽ ഒപ്പിട്ട കരാർ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ നൽകുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുസരിച്ച് ബയോഗ്യാസ് പ്ലാന്റ് ഏജൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വീടുകളിൽ സ്ഥാപിച്ച് നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ നൽകിയ 52 എണ്ണത്തിന്റെ ആദ്യഗഡുവായി 20% തുകയായ 140400/-

രൂപ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. അഡ്വാസൻസ് കൈപ്പറ്റി 10 ദിവസത്തിനകം വർക്ക് ആരംഭിക്കേണ്ടതും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി രണ്ടു മാസത്തിനുള്ളിൽ ഗുണനിലവാരത്തോടുകൂടി പൂർത്തിയാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരേയായിട്ടും ഒരു പ്ലാന്റ് പോലും സ്ഥാപിച്ചിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയ ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച 140400/- രൂപ തടസപ്പെടുത്തുന്നു.

## 3-4 കുടിവെള്ളപദ്ധതികൾ- ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടില്ല.

താഴെ സൂചിപ്പിച്ച കുടിവെള്ളപദ്ധതികളുടെ വൈദ്യുത ചാർജ്ജ് തൻവർഷം പഞ്ചായത്തിൽ നിന്നും അടച്ചതായി വൗച്ചർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ ടി- പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല.

1 കണ്ടത്തുകുന്ന് കുടിവെള്ളപദ്ധതി-- -കൺസ്യൂമർ നം.. ..... 6004

2 പാതാളപറമ്പ് കുടിവെള്ളപദ്ധതി---കൺസ്യൂമർ നം .......5879

3 അരമന കുടിവെള്ളപദ്ധതി --------കൺസ്യൂമർ നം .....11110

4 വിമല കുടിവെള്ളപദ്ധതി ---------കൺസ്യൂമർ നം .......5860

5 കുന്നക്കുരുടി കുടിവെള്ളപദ്ധതി -കൺസ്യൂമർ നം 2955

6 കുന്നക്കുരുടി കുടിവെള്ളപദ്ധതി -കൺസ്യൂമർ നം .. 14759

7 കുഴൂർ കുടിവെള്ളപദ്ധതി ------കൺസ്യൂമർ നം ..11780

ആയതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 5) മറുപടിയായി പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 വിവാഹധനസഹായം നല്കിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. | ഇല്ല |
| അടങ്കൽ തുക | 3,60,000/- |
| ആകെചെലവഴിച്ച തുക | 3,60,000/- |
| ചെക് നം/ തിയതി | 3,00,000/- ബിൽ നം 28/17 തിയതി.30.3.17<br>60,000/-ബിൽ നം 32/17 തിയതി.30.3.17 |
| നിർവ്വഹണം | സെക്രട്ടറി |

1)അപേക്ഷ ഹാജരാക്കിയില്ല

ശ്രീമതി ഗീത രാജൻ , ഞരളത്ത് എന്നയാൾക്ക് തുക കൈമാറിയതായി Bims Acknoledgement ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2)തുക കൈപ്പറ്റിയ രേഖ ഹാജരാക്കിയിട്ടില്ല.

ശ്രീമതി ഷീല രാജപ്പൻ , തേൻകുന്നേൽ തുക കൈപ്പറ്റിയ രേഖ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-6 സാക്ഷരതാതുടർ വിദ്യാഭ്യാസപദ്ധതി -അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സാക്ഷരതാതുടർ വിദ്യാഭ്യാസപദ്ധതി |
| പ്രോജക്ട് നം | S0071/17 |

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ,ഗവ. യു. പി. സ്കൂൾ. കുന്നക്കുരുടി |
| അടങ്കൽ | 15,000/- |
| ചെലവ് | 15,000/-ഡി ഡി നം 877446,തിയതി 01.03.2017(തനതുഫണ്ട്) |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ 10 വിദ്യാർത്ഥികൾക്കുള്ള ട്യൂഷൻ ഫീസായി 15,000/- രൂപ സാക്ഷരതാമിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക സാക്ഷരതാമിഷൻ ഡയറക്ടർ കൈപ്പറ്റിയതിന്റെ രേഖയും, വിദ്യാർത്ഥികൾ പഠിച്ച് പരീക്ഷ എഴുതിയതിന്റെയോ, വിജയിച്ചതിന്റെയോ രേഖയും പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിനാൽ ഈയിനത്തിലുള്ള ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | S0102/17 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,ഹോമിയോ ഡിസ്പെൻസറി, മഴവന്നൂർ |
| അടങ്കൽ | 2,50,000/- |
| ചെലവ് | 2,50,000/-ബിൽ നം.1/16-17 തിയതി 17.02.2017 |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി , പാതിരാപ്പള്ളി ആലപ്പുഴയ്ക്ക് 2,50,000/- രൂപ നൽകിയിട്ടുണ്ട്. രസീത് നം. 2840 തിയതി. 04.01.17 പ്രകാരം തുക കൈപ്പറ്റിയതായും കാണുന്നു. എന്നാൽ നാളിതുവരെ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുകയായ 250000/- രൂപ തടസപ്പെടുത്തുന്നു.

## 3-8 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | S0101/17 |
| നിർവ്വണം | മെഡിക്കൽ ഓഫീസർ ആയൂർവേദം |
| അടങ്കൽ | 5,00,000/- ബിൽ നം. 1/2016-17, 16.12.2016.(ചെക്. നം.199299 16.12.2016) |
| ചെലവ് | 431774/- |

മേൽ പദ്ധതിപ്രകാരം മരുന്ന് വാങ്ങുന്നതിന് 5,00,000/- രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട് എങ്കിലും 4,31,774/- രൂപയുടെ മരുന്നുമാത്രമാണ് ലഭിച്ചിട്ടുള്ളതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതും. 68,226/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. ഇതിൽ ഇൻവോയിസ് 4307 പ്രകാരം ലഭിച്ച മരുന്നിൽ 7,938/- രൂപയുടെ ജഡമയാധിലേപചൂർണ്ണം ലഭിച്ചിട്ടില്ല. അതിനാൽ 68,226/-+7,938/- =76,164 രൂപയുടെ മരുന്നുകൂടി ഔഷധിയിൽ നിന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുകയായ 76164 രൂപ തടസപ്പെടുത്തുന്നു.

## 3-9 വിനിയോഗസാക്ഷ്യ പത്രം/ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.17,92,040- രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നം | പ്രോജക്റ്റ് നം/ | തുക | ബിൽ നം |
|---|---|---|---|
| 1. | 24/2016-17ഐ എ വൈ വിഹിതം | 2,40,000- | DD No. 199115/1.12.2017തുക2,38,000/- Ch.no.34818/9.12.16 തുക 2000/- |

| | | | |
|---|---|---|---|
| 2. | 196/2016-17ഐ എ വൈ അധിക വിഹിതം | 3,35,000- | 3/16-17 തിയതി 21.2.17 |
| 3. | 68/17 SSA വിഹിതം | 10,88,687- | 1/16-17തി.24.11.16<br>2/16-17തി.24.11.16 |
| 4. | 92/16-17 IKM വിഹിതം | 1,28,353- | 19/16-17 തി.27.2.2016 |
| | ആകെ | 17,92,040 | |

## 3-10 പൊതുമരാമത്തു പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫീസ് പഞ്ചായത്തിലേക്ക് അടവാക്കിയില്ല

2016-17 വർഷത്തിൽ പഞ്ചായത്തിൽ തയ്യാറാക്കിയ 9 പൊതുമരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ഇത് തിരികെ പഞ്ചാത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം | പദ്ധതിയുടെ പേര് | ടെണ്ടർ ഫീസ് | ടെണ്ടറിൽ പങ്കെടുത്ത വരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ ആകെ തുക |
|---|---|---|---|---|---|
| 1 | SO002/17 | ചെറുകരകുടി റോഡ് റീ-ടാറിംഗ് ആന്റ് ഇന്റർലോക്കിംഗ് | 1890 | 2 | 3780 |
| 2 | SO008/17 | ഓലിപ്പാറ തൃക്കളത്തൂർ അമ്പലംപടി റോഡ് ടാറിംഗ് | 1160 | 5 | 5800 |
| 3 | SO080/17 | മംഗലത്തുനട വെട്ടിക്കാട്ടുമല കോളനി റോഡ് റീടാറിംഗ് | 1260 | 7 | 8820 |
| 4 | SO081/17 | താഴ്മനത്താഴം കമ്മാംകുഴിതാഴം റോഡ് സെക്കന്റ് ലെയർ മെറ്റലിംഗ് | 1160 | 9 | 10440 |
| 5 | SO104/17 | വീട്ടൂർ തൃക്കളത്തൂർ കനാൽ ബണ്ട് റോഡ് റീടാറിംഗ് | 1680 | 6 | 10080 |
| 6 | SO170/17 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ | 1890 | 2 | 3780 |
| 7 | SO188/17 | പേനേത്താഴം ഇടക്കരക്കാവ് റോഡ് മെറ്റലിംഗ് ടാറിംഗ് | 1370 | 7 | 9590 |
| 8 | SO186/17 | നസ്രത്ത് നഗർ അങ്കണവാടി കെട്ടിട നിർമാണം | 2630 | 6 | 15780 |
| 9 | SO194/17 | പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിട നിർമാണം | 2630 | 16 | 42080 |
| | | | | ആകെ | 110150 |

ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിലേക്ക് അടവാക്കാനുള്ള 110150 രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-11 ആദായനികുതി ഈടാക്കിയില്ല

2016 -17സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ പ്രിന്റിംഗ് ജോലികൾ നടത്തുവാൻ വളയംചിറങ്ങരയിലുള്ള പീവീ പ്രിന്റേഴ്സ് (Pee Vee Printers ) എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട് .പ്രിന്റിംഗ് ജോലികൾ ചെയ്ത

വകയിൽ സ്ഥാപനത്തിന് വിവിധ തീയതികളിൽ താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട് .

| ക്രമ നം. | തുക | വൗച്ചർ നം .തീയതി |
|---|---|---|
| 1 | 13300 | 21600311 ; 08 . 08 . 16 |
| 2 | 14000 | 21600814 ; 28 . 01 . 16 |
| 3 | 15000 | 21600813 ; 28 . 01 . 16 |
| 4 | 5000 | 21600 811 ; 28 . 01 . 16 |
| 5 | 20000 | 21601214 ; 31 . 03 .17 |
| 6 | 8850 | 216001211 ; 31 . 03 .17 |
| 7 | 9350 | 216001209 ; 31 . 03 .17 |
| ആകെ | 85500 | |

എന്നാൽ കരാറുകാരനിൽ നിന്നും 1961 ലെ ആദായനികുതി നിയമം , വകുപ്പ് 194 സി പ്രകാരം ഈടാക്കേണ്ട 1 ശതമാനം ആദായനികുതി ഈടാക്കിയിട്ടില്ല. 855/-രൂപ ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് .

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 874000 | 112/17- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 399000 |
| | | 042/17-പാലിയേറ്റീവ് കെയർ | 250000 |
| | | 58/17-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 225000 |
| ജില്ലാ പഞ്ചായത്ത് | 526752 | 106/17-സമഗ്ര നെല്ലുകൃഷി വികസനം | 301752 |
| | | 58/17--ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 225000 |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയു ടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് . ഭവനപദ്ധതി | 207/2009 തീ.7.11.09 | 7540791 | 1656449 | | 5884342 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപങ്ങൾ ഇല്ല.

.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ രജിസ്റ്റർ പ്രകാരം 104016 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2(1) | 1990 | എസ്. ഗോപിനാഥൻ | 11603100276/ 13.4.16 |
| | 2(1) | 2000 | കുഞ്ഞുപോൾ | 11603100534/ 26.4.16 |
| | 2(1) | 1500 | ഐഷ സന്തോഷ് | 11603100535/ 26.4.16 |
| | 2(1) | 1500 | പി.പി.സന്തോഷ് | 11603100536/ 26.4.16 |
| | 2(1) | 1500 | പി.പി. സന്തോഷ് | 11603100537/ 26.4.16 |
| 2014-15 | 2(1) | 1500 | കെ.കെ. രവി | 11603100638/ 2.5.16 |
| | 2(1) | 2000 | ശശി എം.കെ. | 11603100795/ 11.5.16 |
| | 1(13) | 907 | എം.കെ.പവനൻ | 91994100007/ 25.7.16 |
| | 1(13) | 498 | എൻ.ജെ. ജോർജ് | 91994100021/ 26.7.16 |
| | 3(2)3 | 7721 | ശ്രീനിവാസ് ഏജൻസീസ് | 11603102811/ 1.10.16 |
| 2015-16 | | 71 | കെ.പി. തങ്കച്ചൻ | 11603105631/ 30.12.16 |
| | | 214 | കെ.എം.ജോർജ് | 11603105362/ 30.12.16 |
| 08-09,09-10, 10-11 | 3-6(9) | 4152 | ദീപ സി.(അസി. എഞ്ചീനീയർ) | 11603105950/ 11.1.17 |
| | 3-6(7),3-6(18) 3-6(5) | 23061 | ദീപ സി.(അസി. എഞ്ചീനീയർ) | 11603105979/ 12.1.17 |

| | | | | |
|---|---|---|---|---|
| | 3-6(1) | 11378 | ദീപ സി.(അസി. എഞ്ചിനീയർ) | 11603500017/ 13.1.17 |
| | 3-6(3),3-6(8), 3-6(14) | 32361 | ദീപ സി.(അസി. എഞ്ചിനീയർ) | 11603500020/ 16.1.17 |
| | 3-6(13) | 11663 | ദീപ സി.(അസി. എഞ്ചിനീയർ) | 11603106291/ 28.1.17 |
| | ആകെ | 104016 | | |

.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 41 | 2002-03 2004-05, 7/1.7.9(11) | സർക്കാർ ഉത്തരവിനു വിരുദ്ധമായി തയ്യൽ മെഷിനുകൾ വിതരണം ചെയ്തത് സംബന്ധിച്ച് | ഗവൺമെന്റ് സാധൂകരണം ലഭിച്ചിട്ടുണ്ട്. ഉത്തരവ് നം.3867/10 /തസ്വഭവ തീ. 9/12/2010 |
| 1998-99, പാഠ. 37 1999-00, പാഠ. 32 | 2002-03 7/1.7.10(1) | വീട് അറ്റകുറ്റപ്പണികൾക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് അംഗീകരിക്കുന്നില്ല. | ഗവൺമെന്റ് സാധൂകരണത്തിനായി ജില്ലാ മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ സമർപ്പിച്ചിരിക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67924894 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65401656 |
| വരവിനങ്ങളിലുള്ള നഷ്ടം | 8750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2273604 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |

| | | | |
|---|---|---|---|
| 2-3 | 8750 | -- | എം.എൻ. മോഹനൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 140400 | ശ്രീമതി. റഷീദ ടി ഐ, വി.ഇ.ഒ |
| 3-6 | 15000 | ശ്രീ. ശിവദാസൻ എം.കെ. ഹെഡ് മാസ്റ്റർ, യു.പി. സ്കൂൾ കുന്നക്കുരുടി |
| 3-7 | 250000 | ഡോ. മഞ്ജുള കെ.എൻ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-8 | 76164 | ഡോ. അഞ്ജന. എസ്.ആർ മെഡിക്കൽ ഓഫീസർ ആയുർവേദം |
| 3-9 | 575000 | ശ്രീ.യു.കെ. സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | 1088687 | ശ്രീ. ശിവദാസൻ എം.കെ ഹെഡ് മാസ്റ്റർ, യു.പി. സ്കൂൾ കുന്നക്കുരുടി |
| | 128353 | ശ്രീ. എം.എൻ മോഹനൻ, സെക്രട്ടറി |
| ആകെ | 2273604 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 3-11 രൂ.855/-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എൻ. മോഹനൻ | സെക്രട്ടറി (വിരമിച്ചു) | മുണ്ടേക്കുടിയിൽ ഐരാപുരം.പി.ഒ., എറണാകുളം ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | കെ.എസ്.എ (ഇ.കെ.എം )പി1 721/2015 തീ.23.9.2015 |
| 2005-06 | എൽ.എഫ്.ഇ.(പി1)1059/07/12.2.2008 |
| 2006-07 | എൽ.എഫ്.ഇ.(പി1)139/09/24.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി1)140/09/24.11.2009 |
| 2008-09 2009-10 2010-11 | എൽ.എഫ്.ഇ.(പി1)169/13/13.02.2013 |

| | |
|---|---|
| 2011-12 2012-13 | എൽ.എഫ്.ഇ.(പി1)959/2014/12.8.2014 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം. (പി.1) 1812/15/ 30.11.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി1)1311/2016 / 03.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി1)2246/2016 / 17.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.ഇ.കെ.എം(പി.1)1665 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 21.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

APPENDIX – I

AUDIT CERTIFICATE – 2016-17

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

No.KSA.EKM(P.1)1665 /2017

Date :21.10.2017

Certified that I have audited the Annual Financial Statement of MAZHUVANNUR Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MAZHUVANNUR Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

.

Deputy Director